**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3727** | **12-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പത്തിയൂർ പഞ്ചായത്ത് എച്ച്.എസിൽ നിർമ്മിക്കുന്ന സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ; | (എ) | കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്.എസ് കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് ആലപ്പുഴ ജില്ലാകളക്ടർ ഉത്തരവായതിനെ തുടർന്ന്, ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>ടി പ്രവൃത്തിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 19.02.2024-ൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, ആലപ്പുഴ എന്ന കരാറുകാരനുമായി 16.10.2024 ന് 77,69,788/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും 30.10.2024 ന് കരാറുകാരന് സൈറ്റ് കൈമാറുകയും ടോയ്ലറ്റ് ബ്ലോക്കിന്റെ റൂഫ് കോൺക്രീറ്റ്, 80 മീറ്റർ ഡ്രെയ്നേജ് പ്രവൃത്തികൾ, ഗ്രൗണ്ട് ലെവലിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെടെ 40% പ്രവൃത്തി പൂർത്തിയായിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ടി പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് ടോയ്ലെറ്റ് കം ചെയ്ഞ്ച് റൂം നിർമ്മാണം, ഡ്രെയിൻ, സ്റ്റെപ്പ് ഗാലറി, ഫെൻസിംഗ്, ഗ്രൗണ്ട് വികസനം, മഡ് കോർട്ട് നിർമ്മാണം, ലോംഗ് ജമ്പ് പിറ്റ് നിർമ്മാണം, ഫ്ലഡ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ എന്നിവയാണ്. |

സെക്ഷൻ ഓഫീസർ